**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 43** **09-08-2023 - ൽ മറുപടിയ്ക്ക്**

**പദ്ധതി ചെലവിലെ മികച്ച നേട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും 2022-23 സാമ്പത്തിക വർഷാന്ത്യത്തിൽ വരവിലും ചെലവിലും റെക്കോർഡ് പ്രകടനം കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങളാൽ സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്നുവെന്നത് ഒരു വസ്തുതയാണ്. മുൻ സാമ്പത്തിക വർഷത്തെ അധിക കടമെടുപ്പ്, പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സംസ്ഥാന സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനു പുറമേ ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസം മുതൽ അവസാനിപ്പിച്ചതും, ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറവ് വന്നതും, റവന്യൂ കമ്മി ഗ്രാന്റ് ഒരോ വർഷവും കുറഞ്ഞു വരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ പ്രതിസന്ധികൾക്കിടയിലും 2022-23 സാമ്പത്തിക വർഷം, മുൻ വർഷത്തെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ തനത് വരവിൽ വർദ്ധനവ് കൈവരിക്കാനും ക്ഷേമവികസന ചെലവുകളിൽ കുറവ് വരുത്താതെ തന്നെ ആകെ ചെലവ് മുൻ വർഷത്തേതിന് ആനുപാതികമായി നിലനിർത്തുവാനും കഴിഞ്ഞിട്ടുണ്ട്. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലുണ്ടായ വരവിന്റേയും ചെലവിന്റേയും കണക്കുകളുടെ വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു. |

| ഇനം | സാമ്പത്തിക വർഷം (തുക കോടിയിൽ) | |
|---|---|---|
| | 2021-22 | 2022-23 (അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം) |
| **വരവ്** | | |
| | | |

| | | |
|---|---|---|
| തനത് നികുതി വരുമാനം | 58340.52 | 71968.16 |
| തനത് നികുതിയേതര വരുമാനം | 10462.51 | 15121.90 |
| ആകെ തനത് വരുമാനം | 68803.03 | 87090.06 |
| **ചെലവ്** | | |
| പദ്ധതി ഇനത്തിലുള്ള മൂലധന ചെലവ് | 13207.68 | 13261.22 |
| ആകെ ചെലവ് | 163225.53 | 158742.33 |

കടമെടുപ്പുൾപ്പടെയുള്ള സംസ്ഥാനത്തിന്റെ ആകെ വരുമാനമായി 2022-23 സാമ്പത്തിക വർഷത്തെ  ബജറ്റിൽ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 173587.51 കോടി രൂപയിൽ 159218.88 കോടി  രൂപ മാത്രമേ വരുമാനമായി ലഭിച്ചിട്ടുള്ളൂ.  ഇതിനുള്ള പ്രധാന കാരണം മേൽ സൂചിപ്പിച്ചതുപോലുള്ള സംസ്ഥാനത്തിൻറെ നിയന്ത്രണത്തിന് അതീതമായ ഘടകങ്ങളാണ്.  സംസ്ഥാനം 2022-23 സാമ്പത്തിക വർഷം പദ്ധതി ചെലവിനത്തിൽ വകയിരുത്തിയിരുന്ന വിഹിതം 30,575.01 കോടി രൂപയാണ്.  എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം പ്രസ്തുത വർഷത്തെ പദ്ധതി ചെലവ് 32750.80 കോടി രൂപയാണ്. പ്രതിസന്ധികൾക്കിടയിലും പദ്ധതി ചെലവിനത്തിൽ മികച്ച നേട്ടം കൈവരിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.  കൂടാതെ മൂലധന പദ്ധതി ചെലവിനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് നേരിയ വർദ്ധനവ് കൈവരിക്കാനും സാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ബജറ്റിൽ പ്രഖ്യാപിച്ച പ്രതീക്ഷിത വരുമാനത്തിൽ നാല്പതിനായിരം കോടി രൂപയുടെ കുറവ് ഉണ്ടായപ്പോഴും പദ്ധതി ചെലവിൽ മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങളാൽ സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്നുവെന്നത് ഒരു വസ്തുതയാണ്. മുൻ സാമ്പത്തിക വർഷത്തെ അധിക കടമെടുപ്പ്, പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സംസ്ഥാന സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനു പുറമേ ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസം മുതൽ അവസാനിപ്പിച്ചതും, ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറവ് വന്നതും, റവന്യൂ കമ്മി ഗ്രാന്റ് ഒരോ വർഷവും കുറഞ്ഞു വരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ പ്രതിസന്ധികൾക്കിടയിലും 2022-23 സാമ്പത്തിക വർഷം, മുൻ വർഷത്തെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ തനത് വരവിൽ വർദ്ധനവ് കൈവരിക്കാനും ക്ഷേമവികസന ചെലവുകളിൽ കുറവ് വരുത്താതെ തന്നെ ആകെ ചെലവ് മുൻ വർഷത്തേതിന് ആനുപാതികമായി നിലനിർത്തുവാനും കഴിഞ്ഞിട്ടുണ്ട്. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലുണ്ടായ വരവിന്റേയും ചെലവിന്റേയും കണക്കുകളുടെ വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു. |

| ഇനം | സാമ്പത്തിക വർഷം (തുക കോടിയിൽ) | |
|---|---|---|
| | 2021-22 | 2022-23 (അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം) |
| **വരവ്** | | |
| തനത് നികുതി വരുമാനം | 58340.52 | 71968.16 |
| തനത് നികുതിയേതര വരുമാനം | 10462.51 | 15121.90 |
| ആകെ തനത് വരുമാനം | 68803.03 | 87090.06 |
| **ചെലവ്** | | |
| പദ്ധതി ഇനത്തിലുള്ള മൂലധന ചെലവ് | 13207.68 | 13261.22 |
| ആകെ ചെലവ് | 163225.53 | 158742.33 |

| | | | |
|---|---|---|---|
| | | | കടമെടുപ്പുൾപ്പടെയുള്ള സംസ്ഥാനത്തിന്റെ ആകെ വരുമാനമായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 173587.51 കോടി രൂപയിൽ 159218.88 കോടി രൂപ മാത്രമേ വരുമാനമായി ലഭിച്ചിട്ടുള്ളു. ഇതിനുള്ള പ്രധാന കാരണം മേൽ സൂചിപ്പിച്ചതുപോലുള്ള സംസ്ഥാനത്തിൻറെ നിയന്ത്രണത്തിന് അതീതമായ ഘടകങ്ങളാണ്. സംസ്ഥാനം 2022-23 സാമ്പത്തിക വർഷം പദ്ധതി ചെലവിനത്തിൽ വകയിരുത്തിയിരുന്ന വിഹിതം 30,575.01 കോടി രൂപയാണ്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം പ്രസ്തുത വർഷത്തെ പദ്ധതി ചെലവ് 32750.80 കോടി രൂപയാണ്. പ്രതിസന്ധികൾക്കിടയിലും പദ്ധതി ചെലവിനത്തിൽ മികച്ച നേട്ടം കൈവരിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ മൂലധന പദ്ധതി ചെലവിനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് നേരിയ വർദ്ധനവ് കൈവരിക്കാനും സാധിച്ചിട്ടുണ്ട്. |
| (സി) | പൊതു ചെലവുകളിൽ കുറവ് വരുത്താതെ ശമ്പളം, പെൻഷൻ, വായ്പാ തിരിച്ചടവ് ഉൾപ്പെടെ പതിനായിരം കോടി രൂപയുടെ നിർബന്ധിത ചെലവ് ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ശമ്പളം, പെൻഷൻ, പലിശയിനത്തിലെ തിരിച്ചടവ് എന്നിവയ്ക്ക് മുടക്കം വരുത്താതെ തന്നെ ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ചെലവുകൾക്ക് സർക്കാർ മുൻതൂക്കം നൽകിയിട്ടുണ്ട്. ഈ ഇനത്തിലെ ചെലവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) | തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി ചെലവും സർക്കാർ വാർഷിക പദ്ധതി ചെലവും മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2022-23 സാമ്പത്തിക വർഷം തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 85.05 ശതമാനവും സർക്കാർ വാർഷിക പദ്ധതി ചെലവ് 107.05 ശതമാനവുമാണ്. പദ്ധതി ചെലവുകൾ പ്രതീക്ഷിച്ചതിലും മികച്ച രീതിയിൽ കൈകാര്യം ചെയ്യുവാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ